DESPATCHED
On..22/12/21

22/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1333(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 10667/SIC-G7/2019**

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ.എം.മൈതീൻകുഞ്ഞ്,**
**സ്റ്റാർ മൻസിൽ, കോട്ടൂർ,**
**പിൻ – 695 574.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, താലൂക്ക് ഓഫീസ്, കാട്ടാക്കട.**
2. **അപ്പീൽ അധികാരി, താലൂക്ക് ഓഫീസ്, കാട്ടാക്കട.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 20.02.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 01.03.2019 |
| ഒന്നാം അപ്പീൽ | 27.03.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 27.04.2019 |
| രണ്ടാം അപ്പീൽ | 17.06.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 16.08.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.എം.മൈതീൻകുഞ്ഞ് 20.02.2019 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, ഹൈക്കോടതി തീരുമാന പ്രകാരം 14.02.2019 ൽ കോട്ടൂർ അംഗൻവാടിയിലേക്കുള്ള റവന്യൂ വകുപ്പ് പുറമ്പോക്ക് ഭൂമി രണ്ട് സ്വകാര്യ വ്യക്തികൾ കൈയ്യടക്കിയിരിക്കുന്നത് അളന്ന് ബോദ്ധ്യപ്പെടുന്നതിനും, റിപ്പോർട്ട് ചെയ്യുന്നതിനും വേണ്ടി താലൂക്ക് സർവ്വെയർ അളന്നപ്പോൾ യഥാർത്ഥ കൈയ്യേറ്റങ്ങൾ

സ്കെച്ചും, പ്ലാനും റിപ്പോർട്ടും ഓംബുഡ്സ്മാനിൽ സമർപ്പിച്ചിരുന്നതിന് വിരുദ്ധമായി കാട്ടാക്കട താലൂക്കായപ്പോൾ കൈയ്യേറ്റക്കാരനായ എതിർകക്ഷിയെ സഹായിക്കുന്ന് രീതിയിൽ മുൻ റിപ്പോർട്ടുകളെ അട്ടിമറിക്കുന്നതിന്റെ പിന്നിൽ ആരാണ് എന്നതുമായി ബന്ധപ്പെട്ട് 9 വിവരങ്ങളായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 01.03.2019 ൽ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 27.03.2019 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീലിന്മേൽ അപ്പീൽ അധികാരി 27.03.2019 ൽ അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 16.08.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്കായി 164 രൂപ ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കി പകർപ്പ് കൈപ്പറ്റാവുന്നതാണെന്ന് മറുപടി നൽകിയിരുന്നുവെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ ഹിയറിംഗ് നടത്തി ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ നിയമാനുസൃതം നൽകുവാൻ ജി സെക്ഷൻ സൂപ്രണ്ടിനെ ചുമതലപ്പെടുത്തി അപ്പീൽ തീർപ്പാക്കിയെന്നും റവന്യൂ വകുപ്പിൽ നിന്നും നൽകി വരുന്ന സർവ്വെ സ്കെച്ച്, എഫ്.എം.ബി, ബി.റ്റി.ആർ തുടങ്ങിയവ ഭൂമി സംബന്ധമായ രേഖകൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് ഈടാക്കാറുള്ളതും എന്നാൽ ഇത്തരം രേഖകൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ എപ്രകാരം ഫീസ് ഈടാക്കണമെന്ന് അറിയിച്ചിരുന്നുവെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ

വിവരം യഥാസമയം വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് ഈടാക്കി നൽകാതിരുന്ന സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി ലഭ്യമാക്കേണ്ടതും വിവരം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി

**ഇന്നേ ദിവസം 2021 നവംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn